**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി സത്യഭാമ, താഴത്തെ വീട് എഴക്കാട് മുണ്ടൂർ എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01//2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീമതി സത്യഭാമ, താഴത്തെ വീട് എഴക്കാട് മുണ്ടൂർ എന്നവർ നവകേരള സദസ് മുമ്പാകെ, മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, റോഡ് വികസനം വരുന്നതിനായി കുറച്ച് സ്ഥലം വിട്ടുകൊടുത്തതിനാലും, വർക്ക് കോൺട്രാക്റ്റ് എടുത്ത കോൺട്രാക്ടർ - വേണ്ട വിധത്തിൽ പ്ലാൻ വരക്കാത്തതുകൊണ്ടും കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും, പുതിയ കെട്ടിട നമ്പർ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതിക്കാരിയെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. വീടിന്റെ ഒരു വശം പഞ്ചായത്ത് റോഡ് ആയതിനാൽ അവിടെ ചട്ടപ്രകാരം 2 മീറ്റർ വേണ്ടിടത്ത് 1.82 മീറ്റർ മാത്രമേ ഉള്ളൂ എന്നതിനാൽ കെട്ടിടനമ്പർ നൽകാൻ കഴിയുകയില്ല എന്ന് എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റോഡ് വികസനം വരുന്നതിനായി കുറച്ച് സ്ഥലം വിട്ടുകൊടുത്തതായി അപേക്ഷക പറയുന്നു. ആയതിനാൽ സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി അപേക്ഷകയുടെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനു, നവകേരള സദസ് മുമ്പാകെ വന്ന അപേക്ഷയാണെന്ന് അറിയിച്ചുകൊണ്ട് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുന്നതിനും, അതിനു ശേഷം കെട്ടിട നമ്പർ നിയമാനുസൃതമായി നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും, അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. ഈ വിവരം 7 ദിവസത്തിനകം അപേക്ഷകയെ അറിയിക്കേണ്ടതും, അതിർത്തി നിർണയിച്ച ശേഷം അപേക്ഷകയിൽ നിന്നും പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, നിയമാനുസൃതമെങ്കിൽ 15 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ